**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 553** — **23-02-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ അനുവദിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കുമോ; | (എ) | ഉണ്ട്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുവാൻ കഴിയുന്ന ഭൂമിയുണ്ടെങ്കിൽ അവ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളാക്കാൻ ആഗ്രഹിക്കുന്നവർ സർക്കാർ ഉത്തരവുകളായ 20/06/17-ലെ സ.ഉ.(എം.എസ്) 47/2017/ഐഡി, 14/08/2018-ലെ സ.ഉ.(എം.എസ്.) 64/2018/ഐഡി എന്നിവ പ്രകാരമുള്ള ഫോം നമ്പർ 1-ൽ അപേക്ഷ കിൻഫ്ര മാനേജിങ് ഡയറക്ടർക്ക് നൽകേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ വ്യവസായം, റവന്യൂ, തദ്ദേശസ്വയംഭരണം, ജലവിഭവം, വൈദ്യുതി, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ പ്രതിനിധികളടങ്ങിയ കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്ന പക്ഷം സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡവലപ്പർ പെർമിറ്റ്(ഫോം-2) അനുവദിക്കുന്നതായിരിക്കും. ഈ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതും എസ്റ്റേറ്റിലെ യൂണിറ്റുകളുടെ മെയിന്റനൻസ് നടത്തേണ്ടതും ഡെവലപ്പർ തന്നെയാണ്. |
| (ബി) | സ്വകാര്യ മേഖലയിലെ വ്യവസായ എസ്റ്റേറ്റുകളെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | പുതുതായി രൂപീകരിക്കപ്പെടുന്ന സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ ജലം, റോഡ്, വൈദ്യുതി തുടങ്ങിയവ ലഭ്യമാക്കുന്നതിന് ഡെവലപ്പർക്ക് സഹായം നൽകുന്നതിനും അതിർത്തി വരെ വൈദ്യുതി എത്തിക്കുന്നതിന് 2 കോടി രൂപ വരെ സർക്കാർ ധനസഹായം ലഭ്യമാക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | സ്വകാര്യ എസ്റ്റേറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ഏതെങ്കിലും അപേക്ഷകൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റ് രൂപീകരിക്കുന്നതിനായി മെ. വിക്ടറി പേപ്പേഴ്സ്, മെ. സിന്തൈറ്റ് ഇൻഡസ്ട്രീസ്, മെ. ജബാൽ വെൻച്വേഴ്സ്, മെ. ഇലാഹിയ ട്രസ്റ്റ്, കുന്നത്താൻ ചിപ്ബോർഡ് |

| | | | |
|---|---|---|---|
| | | | എന്നിവർ നൽകിയ അപേക്ഷകൾ സർക്കാർ പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ